A Souvenir



# ഒല്ലൂർ ചരിത്ര സാംസ്കാരിക പ്രദർശനം

OLLUR HISTORICO CULTURAL EXPO-2006

“മരിച്ചാലും മറക്കില്ലാ ട്ടോ!”

# ഒല്ലൂരമ്മ ഓർമ്മിയ്ക്കുന്നു










**ഇന്ന്** ഒല്ലൂർ പള്ളി ഗ്രൗണ്ടിൽവെച്ച് വർക്കിപ്പിതാവ് എന്നെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കുകയാണ്. ഒന്നാം സഹസ്രാബ്ദത്തിലെ പഴുവിൽ പള്ളിയുമായി ബന്ധപ്പെട്ടുകിടന്നിരുന്ന കാട്ടൂർ, എടത്തിരുത്തി, ഒല്ലൂർ നിവാസികൾക്കുവേണ്ടി ഞാനിന്നുമുഴുവൻ സങ്കടപ്പെടുന്നവരുടെ തുണയും തണലുമായ വ്യാകുലമാതാവിനോട് പ്രത്യേകിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കും.

ഇക്കഴിഞ്ഞ ദിവസം മാലാഖയുടെ പെരുന്നാൾ കഴിഞ്ഞനേരം ഒല്ലൂർക്കാരെ നേരിട്ട് ഒന്നുനോക്കിക്കാണാൻ ഞാൻ സ്വർഗ്ഗവാതിലിന്റെ അടുത്തേയ്ക്ക് പോവുകയായിരുന്നു. പെട്ടെന്ന് നാലു തേജോമയ രൂപങ്ങൾ വാതിൽ കടന്ന് അകത്തേയ്ക്കുണ്ട് വരുന്നു. ശ്രദ്ധിച്ചപ്പോൾ മനസ്സിലായി പെരുന്നാൾ പ്രദക്ഷിണം കഴിഞ്ഞ് തിരിച്ചെത്തിയ നാലുമാലാഖമാരായിരുന്നു.

മിഖായേൽ മാലാഖ ഗൌരവത്തിൽ ഇടത്തോട്ടും വലത്തോട്ടും നോക്കാതെ മുൻപേ കടന്നുപോയി. ഗബ്രിയേൽ മാലാഖയും എറപ്പായി മാലാഖയും എന്തോ സംസാരിച്ചുകൊണ്ടാണ് വന്നിരുന്നത്. കാവൽ മാലാഖ ഏറെ പുറകിൽ തലകുനിച്ച് വരുന്നുണ്ടായിരുന്നു.

അടുത്തെത്തിയപ്പോൾ ഗബ്രിയേൽ മാലാഖ എന്നെ ചൂണ്ടിക്കാണിച്ചുകൊണ്ട് റാഫേൽ മാലാഖയോട് ചോദിച്ചു, “ഓർമ്മയുണ്ടോ ഈ മുഖം?” പണ്ടുമുതലേ സ്വർഗ്ഗത്തിലെ കൊറിയർ സർവ്വീസിന്റെ പൂർണ്ണ ചുമതലക്കാരനായതുകൊണ്ട് ഭൂമി മലയാളത്തിലെ എല്ലാ സ്ഥലങ്ങളും എല്ലാമുഖങ്ങളും ഗബ്രിയേലിന് മന:പാഠമാണ്. അല്പനേരം എന്നെ സൂക്ഷിച്ചു നോക്കിയശേഷം എറപ്പായി മാലാഖ പറഞ്ഞു, “പണ്ട് മുറിത്തട്ടിന്റെ മുകളിൽ നിന്ന് കന്യാസ്ത്രീകൾക്കൊപ്പം കൂടു തുറക്കലിന് വരുമ്പോൾ എന്റെ അൾത്താരയിലേക്ക് ഭക്തിപൂർവ്വം നോക്കിനിൽക്കാറുള്ള കന്യാസ്ത്രിയമ്മയല്ലേ? എനിക്ക് നല്ല

ഓർമ്മയുണ്ട്." ഒല്ലൂരും, അവിഭക്ത തൃശൂർ വികാരിയാത്ത് മുഴുവനും സീറോമലബാർ സഭ മൊത്തമായും ഡിസം. 3- നുള്ള തെയ്യാറെടുപ്പുകൾ തകൃതിയായി നടത്തുകയാണെന്നാണ് കാവൽ മാലാഖ പറഞ്ഞത്. ചരിത്ര സാംസ്കാരിക പ്രദർശനത്തിൽപ്പോലും എന്റെ പേരിൽ ഒരു മണ്ഡപമുണ്ടായിരുന്നത്രെ. ■ മുറിത്തട്ടിന്റെ കാര്യം പറഞ്ഞത് ശരിയാണ്. വിശേഷാവസരങ്ങളിൽ പനംകുറ്റിച്ചിറമഠത്തിൽ നിന്നും ഒല്ലൂർ പള്ളിയിൽ വരുമ്പോൾ തിക്കിലും തിരിക്കലും പെടാതിരിയ്ക്കാൻ മുറിത്തട്ടിന്റെ മുകളിലാണ് ഞങ്ങൾ കന്യാസ്ത്രീകൾ മുട്ടുകുത്തിയിരുന്നത്. ഒരിക്കൽ മറിയം ത്രേസ്യാമ്മയുമൊത്ത് അവിടെപ്പോയത് ഇപ്പോഴും ഓർക്കുന്നുണ്ട്. ത്രേസ്യാമ്മയെ കാണുമ്പോൾ അക്കാര്യങ്ങളൊക്കെ ഒന്നുസംസാരിയ്ക്കണം. ഒരു തൃശൂർക്കാരി ഇവിടെയുള്ളത് വല്ലപ്പോഴും എന്തെങ്കിലും വർത്തമാനം പറയാൻ സൗകര്യമായി. നൂറുകൊല്ലം മുമ്പത്തെ ആ കഥകൾ അയവിറക്കുന്നത് ഏറെ രസകരമാണല്ലോ. ■ അന്നൊരിയ്ക്കൽ പള്ളിയിൽ മേനാശ്ശേരിപിതാവിന്റെ പുഷ്പക്കൂട്ടിൽ നിന്നുള്ള പ്രസംഗം കഴിഞ്ഞ് തിരിച്ച് പോരുമ്പോൾ കാട്ടൂർ- കരാഞ്ചിറക്കാരായ ഞങ്ങൾ അഞ്ചുപേരുമുണ്ടായിരുന്നു. ആഗ്നസ്സമ്മയും ആഞ്ചലമ്മയും പള്ളിയിലെ മനോഹരങ്ങളായ എറത്താഴുകളെപ്പറ്റിയും അവയിലെ റംശേത്തികൾ മെഴുകുതിരിക്കാലുകൾ തിരുസ്വരൂപങ്ങൾ ഇവയെ കുറിച്ചും വാതോരാതെ സംസാരിച്ചു. അവർ രണ്ടുപേരും ഒരേ കുടുംബക്കാരായിരുന്നു. ലളിത കലകളിൽ ഏറെ താല്പര്യമുള്ളവരായിരുന്നു അവരുടെ വീട്ടുകാർ. പുഷ്പക്കൂടിലേയും അൾത്താരയിലേയും കൊത്തുപണികളും പള്ളിയകം തിങ്ങിയുള്ള ചിത്രമെഴുത്തും അവരെ ഹഠാദാകർഷിച്ചിരുന്നു. സഭയുടെ മഠങ്ങളും, ചാപ്പലുകളും പണിയിക്കുവാനും അലങ്കരിക്കുവാനും അവർ എന്നും മുൻപന്തിയിലുണ്ടായിരുന്നു. കുറെ സംസാരിച്ചു കഴിഞ്ഞപ്പോൾ ലൌകികങ്ങളായ വസ്തുക്കളെ ക്കുറിച്ച് ഉത്സാഹപൂർവ്വം സംസാരിച്ചതിൽ പശ്ചാത്തപിച്ച് കടുത്ത ആശയടക്കങ്ങളും മുള്ളരിഞ്ഞാണവും മുൾചമ്മട്ടിയുമുപയോഗിച്ച് പ്രാശ്ചിത്തങ്ങളും ചെയ്യാൻ തുടങ്ങി. അതുകണ്ട് സഹിയ്ക്ക വയ്യാതെ, വളരെ ജൂനിയറായിരുന്നിട്ടും, ഞാൻ പൊട്ടിത്തെറിച്ചു: "ദൈവം നല്കിയ വസ്തുക്കൾ ഉപയോഗിച്ച് ദൈവം നൽകിയ കഴിവുകൾ ഉപയോഗിച്ച് ദൈവമഹത്വത്തിന്നായി ആശാരിമാരും, തട്ടാൻമാരും, മൂശാരികളും, ചിത്രമെഴുത്തുകാരും ചെയ്യുന്ന പ്രവർത്തികളെ അഭിനന്ദിയ്ക്കുന്നതിൽ പ്രാശ്ചിത്തം ചെയ്യേണ്ട കാര്യമെന്തിരിക്കുന്നു. അതൊരു പുണ്യപ്രവർത്തിയായിട്ടേഎനിക്കു തോന്നിയിട്ടുള്ളൂ." ■ പള്ളിയിൽ എന്നെ ഏറ്റവും ആകർഷിച്ചിരുന്നത് വ്യാകുലമാതാവിന്റെ അഭൗമതേജസ്സുള്ള ദാരു തിരുസ്വരൂപമായിരുന്നു. പള്ളിയുടെ വാസ്തുശിൽപമേന്മയും വ്യാകുലമാതാവും ഒല്ലൂർക്കാരിലുണ്ടാക്കിയ താൽപര്യത്തിന്റെ പ്രതിഫലനമായിരുന്നു പള്ളിശതാബ്ദിയോടനുബന്ധിച്ച് തൃശൂർ എരിഞ്ഞേരി അങ്ങാടിയുടെ ഒരറ്റത്ത് ഒല്ലൂർ പള്ളിയുടെ അകത്തെ അളവിലും മാതൃകയിലും നിർമ്മിതമായ വ്യാകുലമാതാവിന്റെ വലിയ പള്ളിയും അവിടുത്തെ പുഷ്പക്കൂടും പ്രശസ്തമായിരുന്ന വ്യാകുലമാതാവിന്റെ തിരുസ്വരൂപവും. അങ്ങാടിയുടെ മറുതലയ്ക്കൽ പുതിയൊരു പള്ളി രൂപം കൊണ്ടപ്പോൾ അതും വ്യാകുലമാതാവിനോടുള്ള ഭക്തിയ്ക്കു കാരണമായി.

ഒല്ലൂർ എനിയ്ക്കും എന്റെ സഹോദരിമാർക്കും വേണ്ടി ഏറെ ചെയ്തു. ഇനി ഞാൻ ഒല്ലൂരിന്റെ കൂടെ എന്നുമുണ്ടാവും. ദു:ഖിച്ച് ഉള്ളുരികി പ്രാത്ഥിയ്ക്കുന്ന ഭക്തസഹസ്രങ്ങളുടെമേൽ സ്വർഗ്ഗകവാടത്തിൽ നിന്ന് കൊച്ചുത്രേസ്യാ പുണ്യവതി റോസാപ്പൂക്കൾ വർഷിയ്ക്കുമ്പോൾ പുറകിൽ ഒതുങ്ങിനിന്ന് ഞാനും അവരുടെ മേൽ താമരയിതളുകൾ വിതറും.








Kerala's pepper plant "that launched a thousand ships" from Greece and Rome.



Monsoon winds drive ships to Muziris port of Malabar i.e.Kerala.



The Palayoor Event

Large numbers of first century Roman coins of Augustus, Tiberius, and Nero have been found near Palayoor & Parur.

# കേരള സഭാ ചരിത്ര മുഹൂർത്തങ്ങൾ



Gondaphares coin from Gandhara




Apostle Thomas with King Gondaphares




Martyrdom on St.Thomas Mount, Madras



Prof. Dr. P.V. Krishnan Nair inaugurates the *'Consultation on Ollur Art Works'* at the Expo-2006.Dr.C.R.Rajagopalan, Prof. George Menachery, Prof. V.P.Jones, Davis Kannanaikkal, Prof. V.A.Varghese, Prof.Raphael Thattil, and Paul Porathoor led the discussions




Kinayi Thoma in Kerala




Kerala Christians obtain 72 Royal Privileges from the imperial representative by copper- plate grants in 825 and 849 A.D.



Vasco da Gama meets Christians of St.Thomas

*Tableaux courtesy of St. Thomas Christian Museum, LRC, Mount St.Thomas, Kakkanad.*





*Greetings:*
The St. Thomas Christian Encyclopaedia of India






The Synod of Diamper

The seven-storey belfry of Ollur, 125 ft., was the tallest structure in South India when it was built.



Frist Indian revolution : Koonan Cross Oath





Mar Kariyattil and Fr. Parammakkal with the Queen of Portugal, Lisbon

## ഗതകാലസ്മരണകളുണർത്തി ഒല്ലൂരിലെ

# പ്രാചീന ഗൃഹോപകരണങ്ങൾ



പ്രാചീന ഗൃഹോപകരണങ്ങൾ

പാക്കുവെട്ടിയും ചുണ്ണാമ്പു കരണ്ടിയും മുറുക്കാൻ ഇടിയ്ക്കുന്നതിന്നുള്ള ചെറിയ ഉരലും പലതരം വിളക്കുകളും പ്രദർശനത്തിലുണ്ടായിരുന്നു. മുറുക്കിത്തുപ്പാനുള്ള ചെറിയ കോളാമ്പിയും കളത്തിൽ വെയ്ക്കാനുള്ള വലിയ കോളാമ്പിയും രാത്രിയിലെ ആവശ്യങ്ങൾക്കുള്ള വട്ടക്കോളാമ്പിയും ഉണ്ടായിരുന്നു. വായ കഴുകാനുള്ള ചെറിയകിണ്ടിയും കാല് കഴുകാനുള്ള വലിയ കിണ്ടിയും അപ്രത്യക്ഷമായിക്കഴിഞ്ഞു. പാതാളക്കരണ്ടിയും മരപ്പാത്രങ്ങളും ചിരട്ടക്കയിലുകളും തേക്കോട്ടയും കലപ്പയും നുകവും തുമ്പിയുംഏറുകവണയും കണ്ടവരിന്നുണ്ടോ? മേയ്ക്കാമോതിരവും ഞൊറിയും കാണാൻ ഇന്ന് പത്രങ്ങളിലെ മരിച്ചവരുടെ പേജിനെ ആശ്രയിക്കേണ്ട ഗഡുവാണ്





Greetings:
ICHC-I 'The Nazaranies'



## ചിന്നറോമയുടെ ഗദ്ഗദങ്ങൾ

ഗ്യാസും മൈക്രോവേവ് അവണും വന്നതോടെ അടുപ്പിൽ തീ പുകയാതെയായി. മിക്സിയും ഗ്രയ്ന്ററും എത്തിയപ്പോൾ അമ്മിയും അമ്മിക്കുഴയും ഉരലും ഉലയ്ക്കയും കൂന്താണിയുമൊക്കെ കാഴ്ച ബംഗ്ലാവുകളിൽ ഇടം തേടുകയാണ്.





വെള്ളിക്കോലും കഴിഞ്ചുകോലും നാഴിയും ഇടങ്ങാഴിയും പറയും കുഴിഉരുളിയും മറ്റനവധി വീട്ടുസാമഗ്രികളും പ്രദർശന ത്തിലുണ്ടായിരുന്നു. നൂറുകഴിഞ്ഞ ഒരു പ്രസ്സും ഉണ്ടായിരുന്നു. അണ്ടികളിയും, ഗോലികളിയും, പമ്പരങ്ങളും, കയർ ചാട്ടവും, അമ്മാനമാട്ടവും, കല്ലു കളിയും, ഒറ്റയും ഇരട്ടയും, പട്ടം പറത്തലും, കോട്ട കളിയും കവടി കളിയും ഒക്കെ എവിടെപ്പോയി? കൊഴലപ്പവും അച്ചപ്പവും കാരപ്പവും ഉണ്ടയും ഇപ്പോൾ ബേക്കറിയിൽ പോലും കിട്ടാൻ വിഷമം. വട്ടേപ്പവും പാലപ്പവും കിണ്ണത്തപ്പവും പാടെ വിസ്മരിക്കപ്പെട്ടിട്ടില്ലെന്നു മാത്രം.





The last photo of
Pope John Paul II as
Cardinal Wojtyla

*Photo by Prof. G.Menachery,*
*Rome, October-1978*







Newspapers and periodicals that came out soon after the election of a "Polaco" as Pope.






## ഒരു മാർപ്പാപ്പയുടെ
## ജീവിതവും
## തിരഞ്ഞെടുപ്പും
## യാത്രകളും
## മരണവും
## മരണാനന്തര
## ചടങ്ങുകളും

**A Special Exhibition**






Greetings:
The Thomapedia



The life, election, travels, death and burial of a Pope
*A Special Exhibition*












The **three gates** of Expo-2006



Jesus Youth

# prolife

# പ്രോലൈഫ്






# അന്നും



The three exquisitely sculpted great French bells of Ollur depicting the stories of Archangel Raphael, St. Antony of Padua, and the Holy Family

The St. Antony's Forane Church, Ollur in 1904 and 2004

2004





The miraculous image of St.Raphael

Archbishop Mar Jacob Thoomkuzhy inaugurates from the famous rostrum (*Pushpakkoodu*) the Ollur Historico-Cultural Expo-2006 held in connection with the Ollur CLC Centenary and Family Year 2006 Celebrations. Dr. Pauly Kannookkadan (Kakkanad Museum ) and V. Rev. Fr. G. Edakkalathur also spoke on the occasion





The Altarpiece or Reredos of the main altar of St. Antony

# ഇന്നും







- ഒല്ലൂർ നിന്ന് പിരിഞ്ഞുപോയ പള്ളികൾ
- ഒല്ലൂരിലെ സ്ഥാപനങ്ങൾ
- ഒല്ലൂരിലെ അമ്പലങ്ങൾ
- ഒല്ലൂർ ഇടവകയിലെ കുരിശുപള്ളികൾ











- The daughter churches of the Ollur Forane Church
- The Temples of Ollur
- Kurishu Pallies and Chapels in the Ollur Parish
- The Schools, Hospitals,
and other major institutions of the parish







Sources : The church and households of Ollur, St. Thomas Christian Encyclopaedia of India, 1973, 1982, Trichur Papal Visit Souvenir, 1986, Trichur Diocesan Centenary Volume, 1996, St. Antony Octingenary Volume, Ollur, 1997, ICHC-I 'The Nazaranies', 1998, Thōmāpēdia, 2000

**"ഈ വിശിഷ്ട കലാവസ്തുക്കൾ പരിരക്ഷിക്കേണ്ടതും അവ പ്രദർശിപ്പിക്കുവാൻ ഒരു മ്യൂസിയം ഉടനെ ആരംഭിയ്ക്കേണ്ടതുമാണ്". –**

*മാർ തൂങ്കുഴി, പുഷ്പക്കൂടിലെ പ്രഭാഷണവേളയിൽ.*





Waiting for the last visitors to leave....



Historical and Cultural Exhibition Committee, Ollur CLC Centenary and Family Year Celebrations
Convener : Prof. George Menachery, Joint Convener : Prof. Raphael Thattil
V. Rev. Fr. G. Edakklathur, Chairman Celebrations' Committee and Vicar Forane
Design : Smriti, Printng : Ebenezer, Technical Help : Digital Graphics, Theertham, Thrikala
A big 'nkU to the MEDIA and other benefactors and helpers, friends and CLC enthusiasts